# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2012 ഡിസംബർ 17, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

17 (*151) എക്സൈസ് വകുപ്പിനെ സാമൂഹ്യ പ്രതിബദ്ധതയുള്ള വകുപ്പാക്കി മാറ്റുവാൻ നടപടി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, നയരൂപീകരണം, സംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ, സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യപാനാസക്തിക്കെതിരെയുള്ള ബോധവത്കരണ പരിപാടികൾ എന്നിവ വഴി എക്സൈസ് വകുപ്പിനെ സാമൂഹ്യ പ്രതിബദ്ധതയുള്ള വകുപ്പാക്കി മാറ്റുവാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഈ ലക്ഷ്യം മുൻനിർത്തി 2011-12-ലെ മദ്യനയത്തിൽ മദ്യവ്യവസായത്തെ ഒരു വരുമാന സ്രോതസ്സായി കാണാതെ, മദ്യലഭ്യത കുറച്ചുകൊണ്ട് ബോധവത്കരണ പ്രവർത്തനങ്ങളിലൂന്നി മദ്യപാനശീലത്തെ ഉദാത്തവത്കരിക്കുന്ന സാമൂഹ്യ ശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവത്കരണത്തിലൂടെ

വിമുക്തരാക്കുന്ന ഘട്ടം ഘട്ടമായുള്ള മദ്യവർജ്ജനം നടപ്പാക്കാനാണ് ഉദ്ദേശി ക്കുന്നത്. ടൂറിസം പ്രോത്സാഹിപ്പിക്കാനാണ് പ്രധാനമായും ബാറുകൾ അനു വദിക്കുന്നത്. 8-12-2011-ലെ ഉത്തരവ് പ്രകാരം 3 സ്റ്റാർ പദവിയുള്ള ഹോട്ടലു കൾക്ക് ബാർ ലൈസൻസ് അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ഇതിനായി എഫ്.എൽ. റൂൾസിൽ ഭേദഗതി കൊണ്ടുവരികയും ചെയ്തു. 01 -04-2012 മുതൽ 4 സ്റ്റാറും അതിനുമുകളിലും പദവിയുള്ള ഹോട്ടലുകൾക്കു മാത്രമായി എഫ്.എൽ.3 ലൈസൻസുകൾ പരിമിതപ്പെടുത്തുകയും 4, 5 സ്റ്റാർ പദവിയുള്ള ബാർ ഹോട്ടലുകളുടെ ലൈസൻസുകൾക്കുള്ള ദൂരപരിധി 200 മീറ്ററായി വർദ്ധിപ്പിക്കുകയും ചെയ്തു. 2013-14 സാമ്പത്തിക വർഷം മുതൽ മിനിമം 25 മുറികളും 5 സ്റ്റാർ ക്ലാസ്സിഫിക്കേഷനുമുള്ള ഹോട്ടലുകൾക്ക് മാത്ര മായി ബാർ ലൈസൻസ് പരിമിതപ്പെടുത്തി. ദു:ഖവെള്ളിയാഴ്ച ഡ്രൈഡേ യായി പ്രഖ്യാപിച്ചു. മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപ രിധി 18-ൽ നിന്നും 21 ആയി ഉയർത്തി. പ്രായപൂർത്തിയായ ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്റ റായി കുറച്ചു. ബാർ ഹോട്ടലുകളുടെ പ്രവൃത്തി സമയം 3 മണിക്കൂർ വെട്ടി ക്കുറച്ചു. 2012-13-ലെ അബ്കാരി നയമനുസരിച്ച് 30 മുറികളുള്ള 4 സ്റ്റാർ പദ വിയുള്ള ഹോട്ടലുകൾക്ക് മാത്രമായി ബാർ ലൈസൻസ് പരിമിതപ്പെടുത്തി. എക്സൈസ് വകുപ്പിന്റെ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ബോധവത്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ തസ്തിക സൃഷ്ടിച്ച് പ്രവർത്തനം വിപുലപ്പെടുത്തുകയും സംസ്ഥാനത്തെ 131 റെയ്ഞ്ച്, 78 സർക്കിൾ ഓഫീസ്

എന്നിവിടങ്ങളിൽ ഫോട്ടോകോപ്പിയർ മെഷീനുകൾ അനുവദിക്കുകയും ഇ-പേയ്മെന്റ് സംവിധാനം നടപ്പിൽവരുത്തുകയും ചെയ്തു. വാഹന പരിശോധന കർശനമാക്കുന്നതിനായി സിഗ്നൽ ലൈറ്റ്, ബാറ്റൺ എന്നിവ ഫീൽഡ് ഓഫീസുകൾക്കും, ചെക്ക് പോസ്റ്റുകൾക്കും നൽകി. എക്സൈസ് ജീവനക്കാർക്ക് എക്സൈസ് അക്കാദമി മുഖേന സമഗ്ര പരിശീലന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിൽ വരുത്തി. എല്ലാ ജില്ലകളിലും വയർലെസ് സംവിധാനം ഏർപ്പെടുത്തുകയും എക്സൈസ് ജീവനക്കാർക്ക് പിസ്റ്റലുകൾ അനുവദിക്കുകയും ചെയ്തു. എക്സൈസ് വകുപ്പിന്റെ പരിഷ്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറൈസേഷൻ ത്വരിതപ്പെടുത്തി ഓഫീസുകളെ ഇന്റർനെറ്റ് വഴി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ സ്ഥാപിക്കുകയും, ക്രൈംബ്രാഞ്ച് രൂപീകരിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. അബ്കാരി കേസുകളുടെ ഭാഗമായി എടുക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് തിരുവനന്തപുരം കേന്ദ്രമായി ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ഉടനെതന്നെ ആരംഭിക്കുന്നതാണ്. ബൃഹത്തായ ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനായി, 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകകൊളളിച്ച തുക 2 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനും, ബോധവത്കരണ പ്രവർത്തനങ്ങൾക്കായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക വിഭാഗം രൂപീകരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ-സർക്കാരിതര ഏജൻസികൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, എൻ. എസ്. എസ്., സ്റ്റുഡന്റ് പോലീസ് കേഡറ്റ് വിഭാഗം എന്നിവയെ ഏകോപിപ്പിച്ച്

പ്രവർത്തനം സജീവമാക്കാനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. പഞ്ചായത്ത്, ജില്ലാ, സംസ്ഥാനതല ജനകീയ കമ്മിറ്റി മുഖേനയും പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും നല്ല ലഹരിവിരുദ്ധ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ക്ലബ്ബിനും, സന്നദ്ധ പ്രവർത്തകനും പാരിതോഷികം ഏർപ്പെടുത്തി ബോധവത്കരണ പ്രവർത്തനം കൂടുതൽ വ്യാപകമാക്കുന്നതാണ്. കരുണാസായി എന്ന സംഘടനയ്ക്കാണ് എക്സൈസ് ഡിപ്പാർട്ട്മെന്റ് ഏർപ്പെടുത്തിയ അവാർഡ് നൽകിയിട്ടുള്ളത്. എറണാകുളം ജില്ലയിലെ കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജിൽ ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. മദ്യ ഉപഭോഗം കൊണ്ടുണ്ടാകുന്ന ദോഷകരമായ ആരോഗ്യ പ്രശ്നങ്ങളടക്കമുള്ള വിഷയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടപടികൾ എടുക്കുന്നുണ്ട്. കെ.എസ്.ബി.സി.-യുടെ കോർപ്പറേറ്റ് റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി 3.75 കോടി രൂപ വിവിധ പദ്ധതികൾക്കായി മാറ്റിവയ്ക്കുകയും ഒരു ശതമാനം മെഡിക്കൽ സെസ്സ് ഏർപ്പെടുത്തി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ജനറിക് മെഡിസിൻ നൽകിവരികയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.-കളെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സഹായിക്കുന്നതിനും ഡീ-അഡിക്ഷൻ സെന്ററുകൾക്ക് സഹായം നൽകുന്നതിനുമുള്ള പ്രോഗ്രാമുകൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. അബ്കാരി കേസുകളിൽ തൊണ്ടി സാധനങ്ങൾ പിടിച്ചെടു

ക്കുന്ന ഉദ്യോഗസ്ഥർക്ക് റിവാർഡ് കൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘുവാക്കിയിട്ടുണ്ട്. റെയ്ഡുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങളും തൊണ്ടിസാധനങ്ങളും വേഗത്തിൽ ഡിസ്പോസ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 19651 അബ്കാരി കേസുകളും 750 എൻ.ഡി.പി.എസ്. കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 48 ബാർ ലൈസൻസുകൾ അനുവദിച്ച തിൽ 26 എണ്ണം കോടതി നിർദ്ദേശം അനുസരിച്ചാണ് നൽകിയിട്ടുള്ളത്. കള്ളുചെത്ത് വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പാക്കേജ് ആലോചിക്കാമെന്നും ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിനാണ് ബാർ ഹോട്ടലുകൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നതെന്നും വൃക്ഷക്കരം ഒഴിവാക്കിയിട്ടുണ്ടെന്നും വിവിധ ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളി സമിതികൾക്ക് 500 രൂപ നിരക്കിൽ പ്രതിവർഷം റെന്റ് നിശ്ചയിച്ചുകൊണ്ട് പൂട്ടിക്കിടന്ന ഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കള്ള് ഷാപ്പുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൊടുക്കുന്നതോടൊപ്പം രണ്ട് സ്ഥലത്ത് ട്രേഡ് യൂണിയനുകളുടെ ആവശ്യപ്രകാരം റേഞ്ച് അടിസ്ഥാനത്തിലും ലേലം ചെയ്ത് കൊടുക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

18 (*152)<u>കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടി</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, നിലവിലുള്ള രീതികൾ കാലോചിതമായി പരിഷ്കരിച്ച് ഡി.ഡി.എഫ്.എസ്., ഇ-ഓഫീസ് തുടങ്ങിയ ശാസ്ത്രീയ സംവിധാനങ്ങൾ മുഖേന സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളും പരാതികളും തീർപ്പാക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വിവിധ സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പ് കല്പിക്കുന്നതിനുവേണ്ടി വ്യക്തമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ കൊടുത്തിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി അപേക്ഷകൾ തീർപ്പ് കല്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. സേവനാവകാശ നിയമം നവംബർ-1 മുതൽ റവന്യു, പോലീസ് അടക്കമുള്ള 16 വകുപ്പുകളിൽ നടപ്പിലാക്കി വിജ്ഞാപനമിറക്കിയിട്ടുണ്ട്. ബാക്കിയുള്ള വകുപ്പുകളിൽ ഏറ്റവും വേഗത്തിൽ വിജ്ഞാപനമിറക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പദ്ധ്യക്ഷൻമാരുടെ ഓഫീസുകളിൽ 1,22,385 ഫയലുകളിൻമേലും സെക്രട്ടേറിയറ്റിൽ 48021 ഫയലുകളിൻമേലും തീർപ്പുകല്പിച്ചു. മുഖ്യമന്ത്രിക്ക് ലഭിക്കുന്ന ഹർജികളിൽ നേരിട്ടും ഉദ്യോഗസ്ഥർമുഖേനയും റിവ്യു നടത്തുന്നുണ്ട്. ചികിത്സാ സഹായം സംബന്ധിച്ച് പ്രത്യേക മോണിട്ടറിംഗ് നടത്തുന്നുണ്ട്. ജനാധിപത്യ സംവിധാനത്തിൽ ഫയലുകൾ തീർപ്പുകല്പിക്കേണ്ടതും ഉദ്യോഗസ്ഥരെക്കൊണ്ട് ജോലി ചെയ്യിക്കേണ്ടതും ഭരണകർത്താക്കളുടെ ചുമതലയാണ്. ഫയലുകൾ തീർപ്പുകല്പിക്കാനുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റവന്യു വകുപ്പിൽ 75 ശതമാനം പെൻഡിംഗ് ഫയലുകളും മാർച്ച 31-ന് മുമ്പ് തീർപ്പാക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവയിൽ ഏതാണ്ട് 65 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. കോടതിയുടെ തീർപ്പിനായുള്ളവയും മറ്റ് സാങ്കേതിക കാരണങ്ങളാൽ തീരുമാനമെടുക്കാൻ സാധിക്കാത്തതുമായ ബാക്കി ഫയലുകൾക്ക് എങ്ങനെ പരിഹാരം കാണണമെന്നത്

സംബന്ധിച്ച് ആലോചിച്ചുവരുന്നു. വിവര സാങ്കേതിക വിദ്യയിലെ പുരോഗതി പരമാവധി പ്രയോജനപ്പെടുത്തണമെന്ന ലക്ഷ്യം വച്ചുകൊണ്ട് ഇ-ഡിസ്ട്രിക്റ്റ് പരിപാടി 14 ജില്ലകളിലും വളരെ വേഗത്തിൽ നടപ്പാക്കി സേവനങ്ങൾ ഓൺലൈൻ വഴി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഐഡിയാസ് എന്ന സ്കീം ഉപയോഗിച്ച് ഫയലിന്റെ മൂവ്മെന്റ് മുഴുവൻ എവിടെയിരുന്നുവേണമെങ്കിലും പരിശോധിക്കാൻ കഴിയുന്ന സംവിധാനം എല്ലാ ഡിപ്പാർട്ട്മെന്റിലും നടപ്പാക്കുന്നതിനും ഫയലുകൾ ഈ സിസ്റ്റത്തി ലേയ്ക്ക് അപ് ലോഡ് ചെയ്യുന്നതിനുമുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ പ്രോത്സാഹിപ്പിക്കും. എം.എൽ.എ. ക്വാർട്ടേഴ്സിലിരുന്ന് ഓൺലൈൻ വഴി ഫയൽ ഫോളോ അപ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ബഹു. നിയമസഭാ സ്പീക്കറുമായി ആലോചിച്ച് നടപടി സ്വീകരിക്കും. ക്യാബിനറ്റ് തീരുമാനമെടുത്തശേഷം പോലീസ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങളും മണലും ലേലം ചെയ്തുകൊടുക്കുന്നുണ്ടെന്നും നിയമപരമായ തടസ്സമുള്ളതുകൊണ്ട് വിൽക്കാൻ പറ്റാത്തവയും പുതിയതായി കേസുകളിൽ പിടിക്കപ്പെടുന്നവയു മാണ് അവശേഷിക്കുന്നതെന്നും ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

19 (*153) <u>ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന</u>
<u>കേന്ദ്രാവിഷ്കൃത പദ്ധതി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, എൻ.ആർ.എൽ.എം.(ദേശീയ ഗ്രാമീണ ഉപജീവന മിഷൻ)-ന്റെ നോഡൽ ഏജൻസിയായി കുടുംബശ്രീ തന്നെ തുടരണമെന്ന കേന്ദ്ര ഗ്രാമവികസന മന്ത്രി ശ്രീ. ജയറാം രമേശ് മുഖ്യ

മന്ത്രിക്കയച്ച കത്തിലെ നിർദ്ദേശം സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടു ണ്ടെന്ന് സഭയെ അറിയിച്ചു. കേന്ദ്രസർക്കാർ അംഗീകരിച്ച പ്രോജക്ട് രേഖ യിൽ പറയുന്നതുപോലെ കുടുംബശ്രീ മിഷൻ ദേശീയ ഉപജീവന മിഷന്റെ കേരളത്തിലെ നോഡൽ ഏജൻസിയായിരിക്കും; കുടുംബശ്രീ അയൽക്കൂട്ട ങ്ങൾക്ക് 5-7 ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാനുള്ള തീരു മാനം ഉടൻ നടപ്പിലാക്കും; എൻ.ആർ.എൽ.എം.ന്റെ പലിശ സബ്സിഡി സ്കീം ഇതുമായി ബന്ധിപ്പിക്കും; കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഭവനശ്രീ പദ്ധതി പ്രകാരം സഹകരണ ബാങ്കിൽ നിന്നെടുത്ത വായ്പ ഭവനശ്രീ വായ്പ യാണെന്ന് പരിശോധിച്ച് ഉറപ്പാക്കിയ ശേഷം സർക്കാർ ഏറ്റെടുക്കും; കുടും ബശ്രീക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കും; മൾട്ടിപ്പിൾ ലോൺ ഉണ്ടാക്കാ വുന്ന സാമ്പത്തിക ബാധ്യതയും കടക്കെണിയും പരിഗണിച്ച് അവ ഒഴിവാക്കു ന്നതിനുള്ള നടപടി സ്വീകരിക്കും; സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങളിൽ എ.ഡി.എസ്. അംഗത്വം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തി അതനുസരിച്ച് പഞ്ചായത്ത് മേറ്റ് പട്ടിക തയ്യാറാക്കി മുൻകൂട്ടി പ്രസിദ്ധീകരിച്ച് ഇതിൽ നിന്ന് റൊട്ടേഷൻ അടിസ്ഥാനത്തിൽ മേറ്റിനെ നിശ്ചയിക്കുക; ജനശ്രീക്ക് നൽകിയ ആർ.കെ.വി.വൈ. ഫണ്ട് സംബന്ധിച്ച് ബഹു. കേന്ദ്രമന്ത്രി പവാറിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം എടുക്കുന്ന തീരുമാനം സർക്കാർ അംഗീകരിക്കുക; സമരസമിതിക്ക് തുടർന്നും പരാതിയുണ്ടെങ്കിൽ നേരിട്ട് കേന്ദ്ര മന്ത്രിക്ക് അയച്ചുകൊടുക്കാവുന്നതാണ് - എന്നിവയാണ് കുടുംബശ്രീ പ്രവർത്തകരുടെ സമരത്തെത്തുടർന്നുണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ. ആശ്രയ പദ്ധതിയുടെയും മറ്റ് പല പ്രധാന പദ്ധതികളുടെയും ഇംപ്ലിമെന്റിംഗ് ഏജൻസിയായി കുടുംബശ്രീ പ്രവർത്തിക്കുന്നുണ്ട്. ആർ.കെ. വി.വൈ-യുടെ

മാനദണ്ഡമനുസരിച്ച് വ്യക്തികൾക്കോ സംഘടനകൾക്കോ പ്രോജക്ട് തയ്യാറാക്കാവുന്നതാണ്. ഇത്തരത്തിലുള്ള കേന്ദ്രസഹായ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിനായി നല്ല പ്രോജക്ടുകൾ കൊണ്ടുവരുന്നതിന് എം.എൽ.എ.മാരും മുൻകൈയെടുക്കണം. കേന്ദ്ര അഗ്രികൾച്ചർ, അനിമൽ ഹസ്ബന്ററി വകുപ്പ് ജോയിന്റ് സെക്രട്ടറിമാരും കേന്ദ്ര പ്ലാനിംഗ് കമ്മിഷൻ പ്രതിനിധിയും അടങ്ങുന്ന കേന്ദ്രപ്രതിനിധികളും ചീഫ് സെക്രട്ടറി, ചെയർമാനായും എ.പി.സി. വൈസ് ചെയർമാനായും സംസ്ഥാന അഗ്രികൾച്ചർ സെക്രട്ടറി മെമ്പർ സെക്രട്ടറിയായും മറ്റ് കൺസേൺഡ് വകുപ്പ് സെക്രട്ടറിമാർ മെമ്പർമാരുമായുള്ള വിദഗ്ദ്ധ സമിതിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് അപ്രൂവ് ചെയ്ത് ഫണ്ട് ലഭ്യമാക്കും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 14 പ്രോജക്ടുകൾക്ക് ഇത്തരത്തിൽ അനുമതി ലഭിച്ചിരുന്നുവെന്നും പ്രോജക്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ജനശ്രീക്ക് ഫണ്ട് അനുവദിച്ചതെന്നും അത് കുടുംബശ്രീക്ക് എതിരല്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

20(*154) <u>വനം കയ്യേറ്റങ്ങൾ</u>

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വ്യാപകമായി വനം കയ്യേറ്റം നടക്കുന്നതായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം കണ്ടെത്തിയെന്ന പത്ര റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും വയനാട്ടിൽ അടുത്തിടെയുണ്ടായിട്ടുള്ള ആദിവാസി കയ്യേറ്റ ശ്രമങ്ങളൊഴികെ വൻതോതിൽ വനം കയ്യേറ്റം നടക്കുന്നില്ലെന്നും കേന്ദ്ര സർക്കാരിൽ നിന്നും വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിനായുള്ള ഒരു പ്രത്യേക നിർദ്ദേശവും ഇപ്പോൾ

ലഭിച്ചിട്ടില്ലെന്നും സഭയെ അറിയിച്ചു. വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല കമ്മിറ്റിയും സർക്കിൾ കൺസർവേറ്റർമാരുടെ അദ്ധ്യക്ഷത യിൽ സർക്കിൾതല കമ്മിറ്റികളും വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിലെ പുരോഗതി അവലോകനം ചെയ്തു വരുന്നു. വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ കെട്ടിയും കയ്യാല സ്ഥാപിച്ചും വനഭൂമി സംരക്ഷിച്ചുകൊണ്ട് റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പി ക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് മന്ത്രി തുടർന്നറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 155 മുതൽ 180 വരെയുള്ള ചോദ്യ ങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1750 മുതൽ 2120 വരെയുള്ള ചോദ്യങ്ങളിൽ 131 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)

*********